
അഭിമുഖം

ഇഅ്ജാസ് അഹ്മദ് അസ്‌ലം/
എം. സാജിദ്

# മാറ്റങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കണം



**അമേരിക്കൻ നേതൃത്വം കറുത്തവനും മുസ്‌ലിം പാരമ്പര്യത്തിനുടമയുമായ ഒബാമയിൽ എത്തി നിൽക്കുമ്പോൾ ആഗോള മുസ്‌ലിം സമൂഹത്തിന് പ്രതീക്ഷിക്കാനുള്ളതെന്താണ്?**

പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടിലെ മുസ്‌ലിം ഉമ്മത്തിനെക്കുറിച്ച് ഇഖ്ബാൽ പാടി:

*ദിൽ തോട് ഗയീ ഇൻകാ ദോ സദിയോം കി ഗുലാമി*
*ദാരു കോയി സൊച് ഇൻകീ പരേശാ നസരീകാ*

(രണ്ട് നൂറ്റാണ്ടുകളിലെ അടിമത്തം മൂലം ഹൃദയം ഭേദിക്കപ്പെട്ട ഇവരുടെ വ്യഥിത വിചാര

## ഇഅ്ജാസ് അഹ്മദ് അസ്‌ലം

ജനനം 1943-ൽ ബാംഗ്ലൂരിലെ ഒരു ഇടത്തരം കുടുംബത്തിൽ. ജോലിയാവശ്യാർഥം ബീഹാറിലേക്ക് കുടുംബം കുടിയേറി. സ്കൂൾ-കോളേജ് വിദ്യാഭ്യാസം ബീഹാറിൽ. ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം. തമിഴ്നാട്ടിലെ മേൽവിശാരത്ത് കോളേജ് അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. വാണിയമ്പാടിയിൽനിന്ന് വിവാഹം.

ചെറുപ്പം മുതൽ തന്നെ ജമാഅത്തുമായി ബന്ധപ്പെട്ടു. 1970-ൽ ജമാഅത്ത് അംഗമായി. വാണിയമ്പാടി പ്രാദേശിക അമീർ, ജില്ലാ നാസിം എന്നീ ചുമതലകൾ വഹിച്ചു. അടിയന്തരാവസ്ഥക്കാലത്ത് 19 മാസം ചെന്നൈ സെൻട്രൽ ജയിലിൽ. 1977 മുതൽ 1990 വരെ തമിഴ്നാട് സംസ്ഥാന അമീർ. 1990 മുതൽ ജമാഅത്ത് ദേശീയ സെക്രട്ടറി. 2001 മുതൽ *റേഡിയൻസ്* വാരികയുടെ പത്രാധിപർ കൂടിയാണ്. കഴിഞ്ഞ ആറു വർഷമായി മുസ്‌ലിം മജ്‌ലിസെ മുശാവറയുടെ സെക്രട്ടറിയാണ്. മക്കൾ: ഏഴ് ആണും രണ്ട് പെണ്ണും.

ങ്ങൾക്ക് ആരെങ്കിലും ശമനൗഷധം നൽകിയെങ്കിൽ!)

ഈ രണ്ട് നൂറ്റാണ്ടുകൾക്ക് ശേഷം ഇരുപതാം നൂറ്റാണ്ട് മുസ്‌ലിം സമൂഹത്തിന് പ്രതീക്ഷകൾ നൽകി. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പ്രവർത്തനം ആരംഭിച്ചു. പ്രചരിപ്പിക്കപ്പെട്ടതും പിന്തുടർന്നുപോരുന്നതുമായ ഇസ്‌ലാമും യഥാർഥ ഇസ്‌ലാമും തമ്മിലുള്ള അന്തരം വ്യക്തമാക്കപ്പെട്ടു. മുസ്‌ലിം സമൂഹത്തിൽ ഏതാണ്ടെല്ലാ മേഖലകളിലും നവോത്ഥാനത്തിന്റെ നവോന്മേഷം അനുഭവപ്പെട്ടു തുടങ്ങി. ഇസ്‌ലാമിന്റെ ഭാവി ശോഭനമാണെന്ന് ഇന്ന് ഏവരും പ്രതീക്ഷിക്കുന്നു.

ഈ മാറ്റത്തിന്റെ ചാലകശക്തിയായത് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ തന്നെയായിരുന്നു. ഉയർച്ചയിലും വേഗതയിലും പ്രാദേശികമായ ഭേദങ്ങൾ കാണാമെങ്കിലും ഈ പ്രസ്ഥാനങ്ങൾ ഇസ്‌ലാമിനെ നിശ്ചലതയിൽ നിന്ന് ചലനാത്മകതയിലേക്ക് വീണ്ടും നയിച്ചു.

ഒരുവശത്ത് ഇസ്‌ലാമിക പ്രവർത്തനങ്ങൾ ആസൂത്രിതമായും ചിട്ടയായും പുരോഗമിച്ചപ്പോൾ മറുവശത്ത് ഇസ്‌ലാമിനെതിരായ നീക്കങ്ങളും സജീവമായി. എന്നാൽ ഓരോ പ്രതിസന്ധിയെയും മികച്ച അവസരമാക്കിയെടുക്കാൻ കഴിയും എന്ന വിശ്വാസക്കാരനാണ് ഞാൻ. ഉദാഹരണത്തിന് പ്രവാചകനെക്കുറിച്ച് പ്രചരിപ്പിക്കപ്പെട്ട തെറ്റിദ്ധാരണകൾ യഥാർഥത്തിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിന് അനുഗുണമാവുകയാണുണ്ടായത്. പടിഞ്ഞാറിന്റെ വികലമായ പല സാംസ്കാരിക നാഗരിക നയങ്ങളും ഇതുപോലെ ഇസ്‌ലാമിന് ഗുണം തന്നെയാണ് ചെയ്തത്. എന്നാൽ അന്ധമായി പടിഞ്ഞാറിനെ വിമർശിക്കുന്നതിനു പകരം അവരിലെ വിശിഷ്ട ഗുണങ്ങൾ സ്വായത്തമാക്കാൻ കൂടി നാം തയാറാവണം.

**പ്രതിസന്ധി ഘട്ടത്തിൽ ഇസ്‌ലാമിന് നവജീവൻ നൽകാൻ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് സാധിച്ചു. അതിദ്രുതം മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന പുതിയ ലോകത്ത് ലക്ഷ്യസ്ഥാനത്തെത്താൻ ഈ പ്രസ്ഥാനങ്ങൾ ഇനിയും മാറേണ്ടിയിരിക്കുന്നു?**

അപകർഷബോധത്താൽ പാരമ്പര്യമായി കിട്ടിയ ആചാര നിബദ്ധമായ കേവല മതത്തെ തള്ളിപ്പറഞ്ഞിരുന്ന വലിയൊരു വിഭാഗത്തിന് ഇസ്‌ലാം ഒരു സമഗ്ര ജീവിതവ്യവസ്ഥയാണെന്ന സന്ദേശം നൽകിക്കൊണ്ട് അവരെ മതത്തിൽ അഭിമാനം കൊള്ളുന്നവരാക്കാൻ കഴിഞ്ഞത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഏറ്റവും വലിയ നേട്ടമാണ്. ഇസ്‌ലാമിന് ഗംഭീരമായ ഒരു ആശയാടിത്തറ പുനർനിർമിക്കാൻ സാധിച്ചുവെന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ചരിത്ര നേട്ടം. ഈ ഇസ്‌ലാമിക തത്ത്വസംഹിതയിൽനിന്നുകൊണ്ട് ഒരു ധാർമിക ക്ഷേമവ്യവസ്ഥ സ്ഥാപിക്കുക എന്നതാണ് അവരുടെ ദൗത്യം. ആശയാടിത്തറകളെക്കുറിച്ച ഗിരിപ്രഭാഷണം കൊണ്ട് അത് സാധ്യമാവുകയില്ല. കാലുകുത്തുന്ന മണ്ണിൽനിന്നുകൊണ്ട് വേണം അത് നിർമിക്കാൻ. എന്നുവെച്ചാൽ നിൽക്കുന്ന കാലത്തെയും ലോകത്തെയും കുറിച്ച കൃത്യമായ ബോധ്യവും എത്തിപ്പിടിക്കേണ്ട ലക്ഷ്യത്തെക്കുറിച്ച തെളിമയാർന്ന ചിത്രവും നമുക്കുണ്ടാവണം.

മാറിക്കൊണ്ടിരിക്കുന്ന ലോകത്താണ് നിങ്ങളുടെ ലക്ഷ്യവും സ്വപ്നവും സാക്ഷാത്കരിക്കേണ്ടത് എന്ന് മറക്കരുത്. മാറ്റങ്ങളോട് പുറംതിരിഞ്ഞ് നിന്നുകൊണ്ട് അത് സാധ്യമല്ല. ഇഖ്ബാലിനെ വീണ്ടും ഉദ്ധരിക്കട്ടെ:

*ആഇനെ നൗ സെ ഡർനാ*
*തർസെ കൊഹൻ പർ അട്നാ*

*മൻസില് യഹീ കഠിൻ ഹെ*
*ഖൗമോം കീ സിന്ദഗീ മേം*

(പഴയ വഴികളിൽ ഒട്ടിനിൽക്കുന്നതും പുതിയ രീതികളെ ഭയപ്പെടുന്നതുമാണ് സമൂഹങ്ങളുടെ/ രാഷ്ട്രങ്ങളുടെ ദൗത്യങ്ങളിൽ ഏറ്റവും ദുഷ്കരമായി നിൽക്കുന്നത്)

സ്ത്രീകളോടും അവരുടെ സാമൂഹിക പങ്കാളിത്തത്തോടുമുള്ള പരമ്പരാഗത കാഴ്ചപ്പാടുകളിൽ മാറ്റം വരുത്താൻ നാം ഇനിയും പാകപ്പെട്ടിട്ടുവേണം. ദുനിയാവിനെയും ആഖിറത്തിനെയും കുറിച്ച വിചാരങ്ങളിലും ഈ മാറ്റം ആവശ്യമാണ്. ദുനിയാവിനു വേണ്ടി ഹലാലായ മാർഗങ്ങളിൽ പരിശ്രമിക്കുന്നത് പ്രോത്സാഹജനകമാണെന്ന് അംഗീകരിക്കാൻ നാം ഇനിയും ശീലിച്ചിട്ടുവേണം. പടിഞ്ഞാറൻ രാജ്യങ്ങളിൽ ഉള്ള അത്രയെങ്കിലും ജനാധിപത്യം മുസ്‌ലിം രാജ്യങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. സകാത്തിനപ്പുറം ഇൻഷുറൻസ് പോലുള്ള സംവിധാനങ്ങളുടെ സാധ്യതയിലേക്ക് നാം ഇനിയും എത്തിയിട്ടില്ല.

**'ഇസ്‌ലാമിക ഭീകരവാദം' ഒരു കെട്ടുകഥയാണെന്ന് ചിന്താശീലരെല്ലാം ഇന്ന് മനസ്സിലാക്കുന്നു. എന്നിരുന്നാലും പ്രതികരണ സമൂഹം (Reactionary Society) എന്ന ഇമേജിൽനിന്ന് മുസ്‌ലിം സമൂഹത്തെ മാറ്റിനിർത്താൻ പലരും തയാറാവുന്നില്ല?**

നശീകരണ പ്രവണതകളും മനുഷ്യനിൽ അന്തർലീനമായിട്ടുള്ളതുതന്നെയാണ്.

*ഫ അൽഹമഹാ ഫുജൂറഹാ വ തഖ്‌വാഹാ* (ഖുർആൻ)

എന്നാൽ സംസ്കൃത സമൂഹം അതിനെ പ്രതിരോധിക്കുന്നു.

മുസ്‌ലിം സമൂഹത്തിന്റെ കാര്യത്തിൽ സംഭവിക്കുന്നത്, അവർ നിരന്തരം അന്യായങ്ങൾക്കും അനീതിക്കും ഇരയാക്കപ്പെടുന്നു എന്നതാണ്. നിരന്തരമായി അന്യായങ്ങൾക്കിരയാവുന്നവർ വിദ്യാഭ്യാസവും സാമ്പത്തിക സുസ്ഥിതിയും കുറഞ്ഞവരാണെങ്കിൽ എളുപ്പം വൈകാരികമായി പ്രതികരിക്കും. ചിന്തയിലും വിഭവങ്ങളിലും അവസരങ്ങളിലുമുള്ള ദാരിദ്ര്യമാണ് അവരെ ഇത്തരക്കാരാക്കുന്നത്. ലോകകാര്യങ്ങളെക്കുറിച്ച അജ്ഞതയും ഇതിന് വളംവെക്കുന്നു. ചിലപ്പോഴെങ്കിലും ചിന്താശൂന്യരായ നേതാക്കളും പണ്ഡിതന്മാരും എരിതീയിൽ എണ്ണയൊഴിക്കുകയാണ്.

യഥാർഥത്തിൽ ഖുർആന്റെ ശൈലി സ്വീകരിക്കലാണ് ഇതിനുള്ള പരിഹാരം. വൈകാരികമായ പ്രതികരണങ്ങളേക്കാൾ ചിന്തയെ ഉണർത്താനാണ് ഖുർആൻ ശ്രമിക്കുന്നത്.

**'റിയാക്ഷണറി' സമൂഹമെന്ന് ഏറെ പഴി കേൾക്കേണ്ടിവരുന്ന പാകിസ്താനിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിനും ഇക്കാര്യത്തിൽ പറയത്തക്ക മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞില്ല?**

പാകിസ്താനിലെ ഇസ്‌ലാമിക പ്രസ്ഥാനം സാമൂഹിക രാഷ്ട്രീയ സേവന മേഖലകളിൽ വളരെയേറെ മുന്നോട്ടുപോയിട്ടുണ്ട്. എന്നാൽ തുടക്കം മുതൽതന്നെ മാറിനിൽക്കുന്നതും (selective) വരേണ്യവുമായ (elitist) സമീപനം ആ സംഘടനക്കുണ്ട് എന്നാണ് തോന്നുന്നത്. ഇപ്പോഴും അതിൽ വലിയ മാറ്റം ഉണ്ടായിട്ടില്ല. അതിനാൽ തന്നെ രാജ്യത്തെ പച്ചപ്പാവങ്ങളായ ദരിദ്ര കോടികളിലേക്ക് ഇറങ്ങിച്ചെല്ലാനും അവരിൽ മാറ്റമുണ്ടാക്കാനും ഇനിയും ധാരാളം ചെയ്യേണ്ടിയിരിക്കുന്നു എന്നാണ് എന്റെ വിശ്വാസം.

ഇക്കാര്യത്തിൽ ബംഗ്ലാദേശ് ജമാഅത്ത് ഏറെ മുന്നിലാണ്. അവർ ആദ്യന്തം



▪ ഇഅ്ജാസ് അഹ്മദ് അസ്‌ലാം അബ്ദുൽ അഹദ് തങ്ങളോടൊപ്പം

**ഒരുവശത്ത് ഇസ്‌ലാമിക പ്രവർത്തനങ്ങൾ ആസൂത്രിതമായും ചിട്ടയായും പുരോഗമിച്ചപ്പോൾ മറുവശത്ത് ഇസ്‌ലാമിനെതിരായ നീക്കങ്ങളും സജീവമായി. എന്നാൽ ഓരോ പ്രതിസന്ധിയെയും മികച്ച അവസരമാക്കിയെടുക്കാൻ കഴിയും എന്ന വിശ്വാസക്കാരനാണ് ഞാൻ. ഉദാഹരണത്തിന് പ്രവാചകനെക്കുറിച്ച് പ്രചരിപ്പിക്കപ്പെട്ട തെറ്റിദ്ധാരണകൾ യഥാർഥത്തിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിന് അനുഗുണമാവുകയാണുണ്ടായത്. പടിഞ്ഞാറിന്റെ വികലമായ പല സാംസ്കാരിക നാഗരിക നയങ്ങളും ഇതുപോലെ ഇസ്‌ലാമിന് ഗുണം തന്നെയാണ് ചെയ്തത്.**

ജനങ്ങളോടൊപ്പമാണ്. ബൗദ്ധിക വ്യവഹാരങ്ങളിൽ പാക് ജമാഅത്തിനെ അപേക്ഷിച്ച് പിന്നിലാണെങ്കിലും ബംഗ്ലാദേശിലെ പ്രസ്ഥാനത്തിനുതന്നെയാണ് കൂടുതൽ ജനകീയമായ വേരുകളുള്ളത്.

**ഇന്ത്യയിലെ മുസ്‌ലിം സമൂഹം, പിന്നാക്കാവസ്ഥ?**

പിന്നാക്കാവസ്ഥയിൽനിന്ന് കരകയറാനുള്ള കിണഞ്ഞ പരിശ്രമത്തിലാണ് മുസ്‌ലിംസമൂഹം. നിലനിൽക്കുന്ന മുൻവിധികൾ അവരെ ചൂഷണം ചെയ്യാനും അടിമപ്പെടുത്താനും ദുരുപയോഗം ചെയ്യുന്നു എന്നതാണ് അവർ നേരിടുന്ന പ്രതിസന്ധി.

രാഷ്ട്രീയമായി ശക്തിപ്പെടുക തന്നെയാണ് പരിഹാരം. മുസ്‌ലിംകളുടെ രാഷ്ട്രീയ പങ്കാളിത്തം ഒട്ടും തൃപ്തികരമല്ല. യാതൊരു തത്ത്വദീക്ഷയുമില്ലാതെയാണ് സെക്യുലര്‍ പാര്‍ട്ടികളുമായി നാം കൈകോര്‍ക്കുന്നത്. സമുദായത്തിനകത്തെ പാര്‍ട്ടികളാവട്ടെ അനാവശ്യമായി പരസ്പരം കൊമ്പുകോര്‍ക്കുകയും ചെയ്യുന്നു. സാധാരണക്കാരന്റെ പ്രശ്നങ്ങള്‍ പരിഹരിക്കുന്നതും സമുദായത്തിന്റെ ശാക്തീകരണത്തിന് ഉതകുന്നതുമായ രാഷ്ട്രീയ മുന്നേറ്റമാണ് ഇനി നമുക്കാവശ്യം.

സമുദായത്തിന്റെ അസ്തിത്വം തന്നെ ചോദ്യം ചെയ്ത കാവിരാഷ്ട്രീയത്തിന് ഇന്ത്യയില്‍ ഭാവി ഇല്ലെന്നാണ് ഇപ്പോള്‍ തെളിഞ്ഞുകൊണ്ടിരിക്കുന്നത്.

**മാറ്റങ്ങളെ ഉള്‍ക്കൊള്ളാന്‍ നാം തയാറാവേണ്ടിയിരിക്കുന്നു. ഈ അര്‍ഥത്തില്‍ ഇന്ത്യന്‍ ജമാഅത്തെ ഇസ്‌ലാമിയെ അവലോകനം ചെയ്താല്‍...?**

ജമാഅത്തിനെ അവലോകനം ചെയ്യുന്ന ആരും മറക്കാന്‍ പാടില്ലാത്തതാണ് ഈ സമൂഹത്തിന് ജമാഅത്ത് നല്‍കിയ ഏറ്റവും വലിയ സേവനം. അതായത്, ഇസ്‌ലാം തലയെടുപ്പുള്ള ഒരു ജീവിത ദര്‍ശനമാണെന്ന് നമ്മുടെ സമൂഹം ഇന്ന് അംഗീകരിക്കുന്നുണ്ടെങ്കില്‍ അതിന്റെ ക്രെഡിറ്റ് ജമാഅത്തിനല്ലാതെ മറ്റാര്‍ക്കും അവകാശപ്പെടാന്‍ കഴിയാത്തതാണ്. ഇസ്‌ലാമിന്റെ സന്ദേശം മുസ്‌ലിമല്ലാത്തവര്‍ക്കും കൂടിയാണെന്ന് തെളിയിച്ചതും അതിന് പ്രായോഗിക പരിപാടികള്‍ ആവിഷ്കരിച്ചതും ജമാഅത്ത് തന്നെയാണ്. മുസ്‌ലിം സ്ത്രീയുടെ സാമൂഹിക പങ്കാളിത്തം ക്രിയാത്മകമായി ഉയര്‍ത്തിക്കാട്ടിയതും ഈ പ്രസ്ഥാനം തന്നെ. ദീനെന്നാല്‍ 'പരലോകപദ്ധതി' മാത്രമാണെന്ന പൊതുബോധത്തെ അട്ടിമറിച്ച് ദുനിയാവില്‍തന്നെ സംസ്ഥാപിക്കേണ്ട ലക്ഷ്യമായി അത് ഇസ്‌ലാമിനെ പുനരവതരിപ്പിച്ചു.

എന്നാല്‍ ലക്ഷ്യം ഏറെ ദൂരത്താണെന്നും മറക്കാവതല്ല. മാറ്റങ്ങളോട് പുറംതിരിഞ്ഞുനില്‍ക്കരുതെന്നത് ഒരു ആത്മവിമര്‍ശം കൂടിയാണ്. സമുദായത്തിന്റെ അജണ്ട നിര്‍ണയിക്കുന്ന വിഭാഗമായിത്തീരാന്‍ ഇനിയും പരിശ്രമിക്കേണ്ടതുണ്ട്. ഇതര വിഭാഗങ്ങളുമായുള്ള സഹകരണ ബന്ധങ്ങള്‍ ശക്തിപ്പെടുത്താന്‍ പുറംതോട് പൊട്ടിച്ച് പുറത്തുവന്നേ മതിയാവൂ.

അനിസ്‌ലാമിക വ്യവസ്ഥിതിയോടുള്ള സമീപനത്തിലെ തത്ത്വ-പ്രയോഗ വ്യത്യാസത്തെക്കുറിച്ച് ദീര്‍ഘമായ ചര്‍ച്ചയാണ് നാം നടത്തിയത്. ചര്‍ച്ചകള്‍ക്കിടയില്‍ നമുക്ക് നഷ്ടപ്പെട്ടത് വിലപ്പെട്ട സമയമായിരുന്നു. നിലനില്‍ക്കുന്ന വ്യവസ്ഥയില്‍ ക്രിയാത്മകമായി ഇടപെട്ടുകൊണ്ട് വ്യവസ്ഥാ മാറ്റത്തിന് പരിശ്രമിക്കുക എന്ന നിലപാടില്‍ ഇന്ന് പ്രസ്ഥാനം എത്തിയിരിക്കുന്നു. 'താത്ത്വിക സംഘം' എന്ന ഇമേജില്‍നിന്ന് പുറത്തുകടന്ന് 'പ്രായോഗിക പ്രസ്ഥാനം' എന്ന അവസ്ഥ കൈവരിക്കുമ്പോഴേ നമുക്ക് ലക്ഷ്യം നേടിയെടുക്കാനാവൂ.

**കേരളത്തിലെ പ്രവര്‍ത്തകരോട്...?**

ഊര്‍ജസ്വലനും പ്രതിഭാശാലിയുമായ ഒരു ദേശീയ ഉപാധ്യക്ഷനെ ജമാഅത്തിന് സംഭാവന നല്‍കിയതില്‍ കേരളത്തോട് നന്ദി പറയുന്നു. ജമാഅത്തിന്റെ ഏറ്റവും ശക്തവും സജീവവുമായ സംസ്ഥാന ഘടകമാണ് കേരളത്തിലേത്. പുതിയതും പ്രായോഗികവുമായ ചുവടുകള്‍ വെക്കുന്നതില്‍ കേരളം ഏറെ മുന്നില്‍ നടന്നു. പ്രസ്ഥാനത്തിന് പുതിയ ദിശാബോധം നല്‍കികൊണ്ട് ജൈത്രയാത്ര തുടരാന്‍ കേരളത്തിലെ പ്രവര്‍ത്തകര്‍ തയാറാവണം. അല്ലാഹു തുണക്കട്ടെ. ■